കോഴിക്കോട്ടുനിന്ന് നാദാപുരം വഴി കണ്ണൂർക്കുള്ള ബസ് സർവ്വീസ്

1024 [1915] ശ്രീ. കെ. ടി. കണാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്ടുനിന്നും പേരാമ്പ്ര—കാര്യാടി—നാദാപുരം—തലശ്ശേരി വഴി കണ്ണൂർക്ക് ഓടിക്കൊണ്ടിരുന്ന ട്രാൻസ്പോർട്ട് ബസ് സർവ്വീസ് ഇപ്പോഴും നടത്താതിരിക്കുന്നതിന്റെ കാരണം എന്ത്;

(ബി) പ്രസ്തുത ബസ് സർവ്വീസ് പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ബസ്സുകളുടെ അഭാവം മൂലമാണ് സർവ്വീസ് നടത്താത്തത്.

(ബി) പ്രസ്തുത സർവ്വീസ് കോഴിക്കോട്—കുറ്റ്യാടി—മാനന്തവാടി റൂട്ടിൽ ഓടിക്കുവാൻ നടപടി സ്വീകരിച്ചുകഴിഞ്ഞു.

പത്തനംതിട്ട ജില്ലയിലെ ബസ് സർവ്വീസുകൾ

1025 [1916] ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ സർവ്വീസ് നടത്തുന്ന കെ. എസ്. ആർ. ടി. സി. ബസ്സുകൾ എത്ര;

(ബി) പ്രൈവറ്റ് ബസ്സുകൾ എത്ര;

(സി) ഏറ്റവും കൂടുതൽ പ്രൈവറ്റ് ബസ്സുകൾ ഓപ്പറേറ്റ് ചെയ്യുന്ന ബസ് റൂട്ട് ഏതാണ്;

(ഡി) പ്രസ്തുത റൂട്ടിൽ ഓടുന്ന പ്രൈവറ്റ് ബസ്സുകളും കെ. എസ്. ആർ. ടി. സി. ബസ്സുകളും എത്ര വീതമെന്ന വ്യക്തമാക്കുമോ?

ഉത്തരം

(എ) 49.

(ബി) 299.

(സി) തിരുവല്ല—പത്തനംതിട്ട റൂട്ട്.

(ഡി) പ്രൈവറ്റ് ബസ്സുകൾ—30. കെ. എസ്. ആർ. ടി. സി. ബസ്സുകൾ—12.

ചെറുവള്ളി, താനപ്പെട്ടി, തൊളിക്കോട്, നെടുമങ്ങാട് ബസ് സർവ്വീസ്

1026 [1917] ശ്രീ. കെ. പങ്കജാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ പാലോടുനിന്ന് വിതുര വഴി തൊളിക്കോടുവരെ ഉണ്ടായിരുന്ന കെ. എസ്. ആർ. ടി. സി. ബസ്സ് നിറുത്തൽ ചെയ്തത് പുനരാരംഭിച്ച് പ്രസ്തുത ഷെഡ്യൂൾ ചെറുവള്ളി, താനപ്പെട്ടി, തൊളിക്കോടുവഴി നെടുമങ്ങാടുവരെ സർവ്വീസ് നടത്തണമെന്ന് നിവേദനം ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം സജീവ പരിഗണനയിലാണ്.

കുറ്റ്യാടി, പത്രക്കളം, മാനന്തവാടി റൂട്ടിൽ ഓടുന്ന ബസ്സുകൾ

1027 [1918] ശ്രീ. കെ. ടി. കണാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി, പത്രക്കളം, മാനന്തവാടി റൂട്ടിൽ ഇപ്പോൾ എത്ര കെ. എസ്. ആർ. ടി. സി: ബസ്സുകൾ ഓടിക്കുന്നുണ്ട്;

(ബി) ഈ റൂട്ടിൽ കൂടുതൽ സർവ്വീസുകൾ അനുവദിക്കാനുള്ള നിവേദനം കിട്ടിയിട്ടുണ്ടോ;

(സി) അതിൻപ്രകാരം എത്ര ബസ്സുകൾ അനുവദിച്ചു?

ഉത്തരം

(എ) 12 സർവ്വീസുകൾ നടത്തുന്നുണ്ട്.

(ബി) ഉണ്ട്.

(സി) മാനന്തവാടി, അത്തോളി വഴി കോഴിക്കോട്, എറണാകുളം, പൊൻകുന്നം എന്നിവിടങ്ങളിലേക്ക് സർവ്വീസ് നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിലെ ബസ്സുകൾ

1028 [1919] ശ്രീ. കെ. പങ്കജാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂർണ്ണമായി ദേശവൽക്കരിക്കപ്പെട്ട തിരുവനന്തപുരം ജില്ലയിലെ ട്രാൻസ്പോർട്ട് റൂട്ടുകളിൽ ഓടിച്ചുകൊണ്ടിരുന്ന ബസ്സുകൾപോലും നിർത്തൽചെയ്ത്തക്കവിധം ആവശ്യമായ ടയറുകളും മറ്റു സ്പെയർപാർട്ട്സും ഡിപ്പോകളിലേക്ക് നൽകുന്നില്ലെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം വിദ്യാർത്ഥികളും ജീവനക്കാരും ഉൾപ്പെടെയുള്ള യാത്രക്കാർ സ്വകാര്യ ട്രക്കുകളെ ആശ്രയിക്കേണ്ടിവരുന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ ജില്ലയിലെ ഓരോ ഡിപ്പോയിലും സബ് ഡിപ്പോയിലും ശരാശരി എത്ര ഷെഡ്യൂളുകൾ റദ്ദാക്കുന്നുണ്ട്?

ഉത്തരം

(എ) കോർപ്പറേഷനോ ഇന്നത്തെ സാമ്പത്തിക പരിമിതിക്കനുസരണമായി കഴിയുന്നിടത്തോളം ടയറുകളും സ്പെയർപാർട്ട്സുകളും വാങ്ങുകയും ഡിപ്പോയിൽ എത്തിക്കുകയും ചെയ്യുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly